**കേരളസർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം - അടിമാലി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ.പി.കെ.വിശ്വനെ സർവ്വീസിൽ തിരിച്ചെടുക്കണമെന്ന അപേക്ഷ - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 18.07.2014-ലെ O.A.No. 61/2014- മേലുള്ള വിധിന്യായം - നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.2641/2014/തസ്വഭവ, തിരുവനന്തപുരം,തീയതി, 13.10.2014**

---

പരാമർശം:- 1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.07.2012ലെ No.E6(SC3/12/IDK)1089/2012 നമ്പർ കത്തും 29.08.2013-ലെ C6(VC6/12/IDK)21821/2012 നമ്പർ കത്തും.

2. 07.01.2014ലെ സ.ഉ.(സാധാ) 66/2014/തസ്വഭവ നമ്പർ ഉത്തരവ്.

3. ശ്രീ.പി.കെ.വിശ്വൻ 10.01.2014-ൽ സമർപ്പിച്ച അപേക്ഷ. (A4)

4. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 18.07.2014-ലെ O.A.(EKM)No.61/2014-മേലുള്ള വിധിന്യായം.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിൽ രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിങ് വാട്ടർ മിഷൻ (RGNDWM) പ്രകാരം പട്ടികവർഗ്ഗക്കാർക്ക് വേണ്ടി നടത്തിയ കുടിവെള്ള പദ്ധതിയിൽ ക്രമക്കേട് നടന്നു എന്ന പരാതി സംബന്ധിച്ച് വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും ഇതുമായി ബന്ധപ്പെട്ട് അടിമാലി ബ്ലോക്കിലെ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറായ ശ്രീ.പി.കെ.വിശ്വനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യാൻ പരാമർശം (1) പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. തന്റെ സസ്പെൻഷൻ പിൻവലിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷിച്ചു കൊണ്ട് ശ്രീ.പി.കെ.വിശ്വൻ പരാമർശം (3) പ്രകാരം സർക്കാരിൽ ഹർജി സമർപ്പിക്കുകയുണ്ടായി. ഹർജിയിൽ തീർപ്പാകുന്നതിനു മുൻപ് തന്നെ മേൽ ഹർജി (Annexure A4) തീർപ്പാക്കാൻ സർക്കാരിന് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീ.പി.കെ.വിശ്വൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A. (EKM) -61/2014 ഫയൽ ചെയ്തു. ഹർജിക്കാരനെ നേരിൽ കേട്ട് രണ്ട് മാസത്തിനുള്ളിൽ (വിധി പകർപ്പ് ലഭിച്ച ശേഷം) Annexure A4 ഹർജിയിൽ തീരുമാനമുണ്ടാകണമെന്ന് പരാമർശം 4-ലെ വിധിന്യായത്തിൽ

നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം ടിയാനെ 09.10.2014-ൽ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ പ്രവേശിക്കാനുള്ള അവസരം ഉണ്ടക്കണമെന്നാണ് ടിയാൻ നേർക്കാഴ്ചയിൽ ആവശ്യപ്പെട്ടത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ.പി.കെ.വിശ്വനെ വിജിലൻസ് വകുപ്പിന്റെ നിർദ്ദേശ പ്രകാരമാണ് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തത്. വിജിലൻസ് കേസ്/അന്വേഷണം പ്രകാരം നടത്തുന്ന സസ്പെൻഷൻ റിവ്യൂ ചെയ്യാനുള്ള അധികാരം 23.01.1990ലെ ജി.ഒ.(എം.എസ്)21/90/വിജ്. പ്രകാരം, വിജിലൻസ് വകുപ്പ് രൂപീകരിച്ച സസ്പെൻഷൻ റിവ്യൂ കമ്മിറ്റിക്ക് മാത്രമേ സാധിക്കുകയുള്ളൂ. സസ്പെൻഷൻ റിവ്യൂ ചെയ്യണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീ.പി.കെ.വിശ്വൻ വിജിലൻസ് വകുപ്പിന് നേരിട്ട് ഹർജി നൽകിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം (3) പ്രകാരമുള്ള ശ്രീ.പി.കെ.വിശ്വൻ സമർപ്പിച്ച അപേക്ഷ നിരസിച്ച് തീർപ്പാക്കി പരാമർശം (4)-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.ജെ.ഉണ്ണികൃഷ്ണൻ**
**അണ്ടർ സെക്രട്ടറി**

ശ്രീ.പി.കെ.വിശ്വൻ, മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, അടിമാലി
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ,
തിരുവനന്തപുരം (With C/L)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്നതപുരം.
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ